(ബി) ദേശീയപാതയോട് ചേർന്ന് സ്ഥിതിചെയ്യുന്ന മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട ആശുപത്രികളിൽ ട്രോമാ കെയർ/ കാഷ്വാലിറ്റി സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ എല്ലാ ആശുപത്രികളിലും ഈ സൗകര്യങ്ങൾ ലഭ്യമാക്കാൻ സാധിച്ചിട്ടില്ല.

(സി) സ്വീകരിച്ചിട്ടുണ്ട്.

(ഡി) എല്ലാ മെഡിക്കൽ കോളേജാശുപത്രികളിലും ട്രോമാ കെയർ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ദേശീയ പാതകളുടെയും സംസ്ഥാനത്തെ മറ്റു പ്രധാനപ്പെട്ട പാതകളുടെയും സമീപത്തുള്ള ഏഴ് ആശുപത്രികളിൽ പുതുതായി കാഷ്വാലിറ്റി യൂണിറ്റ് ഉള്ള ആശുപത്രികളിലേക്ക് അടിയന്തിര ചികിത്സയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. എറണാകുളം ജനറൽ ആശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റിന്റെ പണി പൂർത്തിയായി വരുന്നു. ദേശീയപാത 47-ലും 17-ലും റോട്ടറി ക്ലബ്ബിന്റെ സഹായത്താലും ട്രോമാകെയർ ബൂത്തുകൾ സ്ഥാപിക്കുകയുണ്ടായി.

(ഇ) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ട്രോമാകെയർ യൂണിറ്റുകൾ ഘട്ടം ഘട്ടമായി ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(എഫ്) സംസ്ഥാനത്തെ ദേശീയപാതകളുടെയും പ്രധാനപ്പെട്ട റോഡുകളുടെയും സമീപത്തുള്ള ആശുപത്രികളെ സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ പ്രൈമറി, സെക്കന്ററി, ടെർഷ്യറി എന്നിങ്ങനെ മൂന്നുതലങ്ങളായി തരം തിരിക്കുകയും റോഡ് സേഫ്റ്റി ഫണ്ടിൽ നിന്നും ട്രോമാ കെയർ സെന്ററുകൾ സ്ഥാപിക്കാനുള്ള തീരുമാനമെടുക്കുകയും അതിൻപ്രകാരം നാല് ടെർഷ്യറി യൂണിറ്റുകളും ഇരുപത്തിരണ്ട് സെക്കന്ററി യൂണിറ്റുകളും ഇരുപത് പ്രൈമറി യൂണിറ്റുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പരിഗണിച്ചു വരികയാണ്. എറണാകുളത്ത് 1.5 കോടി രൂപ മുടക്കിസ്ഥാപിക്കുന്ന ട്രോമാ കെയർ യൂണിറ്റിന്റെ പണി പൂർത്തിയായി വരുന്നു. സ്വകാര്യ ആശുപത്രികളിലും ട്രോമാ കെയർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി ഐ.എം.എ.യുമായി ചർച്ചകൾ നടന്നു വരുന്നു ട്രോമാകെയർ ഇൻഷ്വറൻസ് പദ്ധതി നടപ്പിൽവന്നാൽ സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെയുള്ള എല്ലാ ആശുപത്രികളിലും ത്രിതല ട്രോമാകെയർ സെന്ററുകൾ പ്രാവർത്തികമാക്കാൻ സാധിക്കും.

പിന്നോക്ക ദരിദ്ര ജനവിഭാഗങ്ങളുടെ ആരോഗ്യ പരിപാലനത്തിന് ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുവാൻ നടപടി

16 (*664) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾ ഉൾപ്പെടുന്ന പിന്നോക്ക-ദരിദ്ര ജനവിഭാഗങ്ങൾക്ക് ആരോഗ്യ പരിപാലന സേവനം ലഭ്യമാക്കുന്നതിന് എന്തെങ്കിലും പരിപാടി നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ആദിവാസി മേഖലകൾ, മലമ്പ്രദേശങ്ങൾ, ഉൾനാടൻ ദ്വീപു സമൂഹങ്ങൾ തുടങ്ങി പിന്നോക്ക ദരിദ്ര സമൂഹങ്ങൾ അധിവസിക്കുന്ന പ്രദേശങ്ങളിൽ ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഈ പ്രദേശങ്ങളിലെ ഹെൽത്ത് സെന്ററുകളിലും മറ്റു കേന്ദ്രങ്ങളിലും സേവനം അനുഷ്ഠിക്കുന്നതിൽ ഡോക്ടർമാരും നേഴ്സുമാരും വിമുഖത കാട്ടുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത കേന്ദ്രങ്ങളിൽ സേവനം അനുഷ്ഠിക്കുന്ന ഡോക്ടർമാർക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ)

(എ-സി) ആദിവാസികൾ ഉൾപ്പെടുന്ന പിന്നോക്ക ദരിദ്ര ജനവിഭാഗങ്ങളുടെ ആരോഗ്യ പരിപാലനസേവനം ലഭ്യമാക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഔട്ടുറീച്ച് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് മെഡിക്കൽ കോളേജ് ആശുപത്രിയിലെ വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. ഹോമിയോപ്പതി വകുപ്പിന്റെ കീഴിൽ ആദിവാസി കേന്ദ്രങ്ങളിലും പിന്നോക്ക ദരിദ്ര വിഭാഗങ്ങൾ താമസിക്കുന്ന ഇടങ്ങളിലും ചില കേന്ദ്രങ്ങളിൽ സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്. ഡിസ്പെൻസറികളില്ലാത്ത പഞ്ചായത്തുകളിൽ ഹോമിയോപ്പതി വകുപ്പിലെ ഡോക്ടർമാർ പഞ്ചായത്ത് അധികൃതർ ആവശ്യപ്പെടുന്ന മുറയ്ക്ക് മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിച്ചു വരുന്നുണ്ട്. ആദിവാസികൾ ഉൾപ്പെടുന്ന പിന്നോക്ക ദരിദ്ര വിഭാഗങ്ങളുടെ ആരോഗ്യ പരിപാലനത്തിനായി ആയുർവേദ ആശുപത്രികളും ഡിസ്പെൻസറികളും പ്രവർത്തനം നടത്തിവരുന്നുണ്ട്. സംസ്ഥാനത്ത് ആദിവാസി പിന്നോക്ക ജനവിഭാഗങ്ങളുടെ ആരോഗ്യപരിപാലനം ലക്ഷ്യമാക്കി ട്രൈബൽ സബ്പ്ലാനിൽ പണികഴിപ്പിച്ച 69 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ആരോഗ്യവകുപ്പിൽ പ്രവർത്തിച്ചുവരുന്നുണ്ട്. സാധാരണ പ്രദേശങ്ങളിൽ 5000 ജനസംഖ്യയ്ക്ക് ഒരു സബ് സെന്റർ എന്നത് ആദിവാസി മേഖലകളിൽ 3000 ജനസംഖ്യയ്ക്ക് ഒരു സബ്സെന്റർ എന്ന നിലയിൽ ക്രമീകരിച്ചിട്ടുണ്ട്. വിദൂരസ്ഥലമായ ഊരുകളിൽ താമസിച്ചുവരുന്ന ആദിവാസികളുടെ ചികിത്സക്കും ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കുമായി ആരോഗ്യവകുപ്പിന്റെ കീഴിൽ 11-ഉം ട്രൈബൽ വെൽഫെയർ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ രണ്ടും സഞ്ചരിക്കുന്ന ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നു. എട്ട് ആംബുലൻസുകൾ മൊബൈൽ ട്രൈബൽ യൂണിറ്റുകൾക്ക് കൊടുത്തുകഴിഞ്ഞു. ഡോക്ടർമാരുടെ നേതൃത്വത്തിലുള്ള മെഡിക്കൽ ടീമുകൾ സഞ്ചരിച്ച് സൗകര്യം കുറഞ്ഞതും വിദൂരസ്ഥവുമായ ആദിവാസി ഊരുകളിൽ ആളുകളെ പരിശോധിക്കുകയും മരുന്നുവിതരണം നടത്തുകയും ചെയ്യുന്നു. 2001-2002 കാലത്ത് ഇത്തരത്തിൽ 600 പരിശോധനാ

LIBRARY ARCHIVES Kerala Legislative Assembly

ക്യാമ്പുകൾ സംഘടിപ്പിക്കുകയുണ്ടായി. 2000-2002 കാലയളവിൽ നിലവിലുള്ള മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുകയും വിവിധ വിഭാഗം സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ ഉൾപ്പെടുത്തി സ്പെഷ്യൽ മെഡിക്കൽ ക്യാമ്പുകൾ (100 എണ്ണം) നടത്തുകയും ഉണ്ടായി. ആദിവാസി മേഖലകൾ ഉൾപ്പെട്ട പിന്നോക്ക പ്രദേശങ്ങളിൽ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്നതിന് ഈ പ്രദേശങ്ങളിൽ സേവനമനുഷ്ഠിക്കുന്ന ഡോക്ടർമാർക്ക് പി.ജി.കോഴ്സിന് പ്രവേശനം കിട്ടുന്നതിന് പ്രത്യേക കാറ്റ ഏർപ്പെടുത്തി പ്രത്യേക പരിഗണന നൽകുന്നുണ്ട്. സമൂഹത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനവിഭാഗങ്ങൾക്ക് വളരെ ചെലവേറിയ അടിയന്തിര ചികിത്സ ആവശ്യമായി വരുമ്പോൾ അവരെ സഹായിക്കുന്നതിനായി ആരോഗ്യവകുപ്പിന്റെ കീഴിൽ സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പൂവർ എന്ന സ്ഥാപനം പ്രവർത്തിച്ചുവരുന്നു. തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ മാരകമായ ഏഴുതരം രോഗങ്ങളുടെ ചികിത്സയ്ക്ക് ചെലവാകുന്ന തുകയുടെ 75% തുക അനുവദിക്കപ്പെട്ട പരിധിക്കും ഫണ്ടിന്റെ ലഭ്യതയ്ക്കും വിധേയമായി അനുവദിച്ചുവരുന്നു.

(ഡി) ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) മലമ്പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്കും, ജീവനക്കാർക്കും ഹിൽട്രാക്ട് അലവൻസ് കൊടുക്കുന്നുണ്ട്. എന്നാൽ ദ്വീപുകളിൽ ജോലി ചെയ്യുന്നവർക്ക് ഇപ്പോൾ പ്രത്യേക അലവൻസുകളൊന്നും നൽകുന്നില്ല. മലമ്പ്രദേശങ്ങളിലും ഉൾനാടൻ ദുർഘട പ്രദേശങ്ങളിലും ജോലി ചെയ്യുന്നവർക്ക് ജനറൽ ട്രാൻസ്ഫറിൽ മുൻഗണന നൽകുന്നുണ്ട്. പിന്നോക്ക പ്രദേശങ്ങളിൽ സേവനം അനുഷ്ഠിക്കുന്ന ഡോക്ടർമാർക്ക് പ്രതിമാസ റൂറൽ അലവൻസായി 300 രൂപ ശമ്പളത്തോടൊപ്പം നൽകുന്നുണ്ട്. കൂടാതെ അട്ടപ്പാടി ട്രൈബൽ ഏരിയയിൽപ്പെട്ട വിദൂരസ്ഥ ആദിവാസി കേന്ദ്രങ്ങളായ അഗളി, ഷോളയാർ, പറമ്പിക്കുളം എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ സേവനമനുഷ്ഠിക്കുന്ന ഡോക്ടർമാർക്ക് പ്രോത്സാഹനമായി പ്രതിമാസം 2500 രൂപ നൽകിവരുന്നു. പിന്നോക്ക പ്രദേശങ്ങളിൽ ജോലിനോക്കുന്ന ഡോക്ടർമാർക്ക് അവരുടെ രണ്ട് വർഷത്തെ സേവന കാലാവധി മൂന്നു വർഷമായി കണക്കാക്കി സ്ഥലം മാറ്റത്തിനുള്ള അർഹതയിൽ പ്രത്യേക പരിഗണന നൽകിവരുന്നുണ്ട്. സർവ്വീസ് കാറ്റയിൽ പി.ജി./ഡിപ്ലോമ കോഴ്സുകളുടെ സെലക്ഷന് പിന്നോക്ക പ്രദേശങ്ങളെ റൂറൽ ഏരിയ എന്നും ഡിഫിക്കൽറ്റ് റൂറൽ ഏരിയ എന്നും തരംതിരിച്ച് പ്രത്യേക പരിഗണന ഈ പ്രദേശത്ത് ജോലിനോക്കി വന്ന ഡോക്ടർമാർക്ക് നൽകുന്നുണ്ട്. ഡിപ്ലോമ കോഴ്സുകൾക്ക് ഡിഫിക്കൽറ്റ് റൂറൽ ഏരിയയിൽപ്പെട്ടവർക്ക് 8-ഉം റൂറൽ ഏരിയയിൽപ്പെട്ടവർക്ക് 16 ഉം സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. പി.ജി. ഡിഗ്രി കോഴ്സിനുവേണ്ടിയുള്ള പ്രവേശനത്തിന് ഡിഫിക്കൽറ്റ് റൂറൽ ഏരിയക്കാർക്ക് 9- ഉം റൂറൽ ഏരിയയിൽപ്പെട്ടവർക്ക് 9-ഉം സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. സർവ്വീസ് കാറ്റയിൽ പി.ജി/ഡിപ്ലോമ കോഴ്സുകൾക്കുള്ള സെലക്ഷന് പിന്നോക്ക പ്രദേശങ്ങളിൽ സേവനം അനുഷ്ഠിക്കുന്ന ഡോക്ടർമാർക്ക് രണ്ടു വർഷം മതിയാകും. മറ്റുള്ളവർക്ക് ഇത് മൂന്നു വർഷമാണ്.

LIBRARY ARCHIVES Kerala Legislative Assembly